ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. 20 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുവേണ്ടി ഇൻഫ്രാസ്ട്രക്ചേർസ് കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ലാഭം നേടിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

145 (2175) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ലാഭം നേടിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ ഏതിന്റെയെങ്കിലും വസ്തുവകകൾ വില്പന നടത്തിയോ, കൈമാറ്റം നടത്തിയോ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലാഭത്തോടുചേർത്തോ, കണക്കുകളിൽ കാണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2007-08, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *(Annexure-1 (a), (b), (c)

(ബി) വ്യവസായവകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ Statutory Audit position ന്റെ വിവരം അനുബന്ധം -2 ആയി ചേർക്കുന്നു.

(സി) ഈ വിവരം ക്രോഡീകരിച്ചുവരുന്നു.

ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകുന്ന ഇളവുകൾ

146 (2176) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട -ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടരുന്നതിന് മുന്നോട്ടുവരാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) ഇത്തരം സംരംഭങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളും ഇളവുകളുമാണ് ആദ്യത്തെ അഞ്ചു വർഷങ്ങളിൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിലേക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നു.

2. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകുന്നു.

3. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകുന്നു.

4. വനിതാ വ്യവസായ സംരംഭകർക്ക് വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ് പരിശീലനം എന്നിവ നൽകുന്നു.

5. ഗ്രീൻ ചാനൽ കൗണ്ടർ/ഏകജാലക സംവിധാനങ്ങളിലൂടെ ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ

6. സെമിനാറുകളും പരിശീലനവും ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് നൽകുന്നു.

7. പ്രദർശന വിപണ മേളകളിലൂടെ ചെറുകിട ഇടത്തരം വ്യവസായസംരംഭകരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് സൗകര്യം ഒരുക്കുന്നു.

8. സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് വ്യവസായ വകുപ്പ് മുഖേന നൽകിവരുന്നുണ്ട്.

9. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റുവരവ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി സംവിധാനം ഒരുക്കിയിട്ടുണ്ട്.

11. കാർഷിക അധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നു.

13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്

14. സാങ്കേതിക വിദ്യാ വികസന നിധി ഉപയോഗിച്ച് പുതിയ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നു.

15. ഗവേഷണ കേന്ദ്രങ്ങൾ ഗവേഷക ലാബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതികജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.

16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.

17. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.

18. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.എം.ഇ. അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

19. കേരളത്തിന്റെ സ്ഥലപരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേക്കായി ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പുതിയ ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിന് മുന്നോട്ടുവരാൻ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിലേക്കായി നിരവധി പദ്ധതികൾ നിലവിലുണ്ട്. സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ബോധവൽക്കരണ പരിശീലന പരിപാടികൾ, സംരംഭകത്വ വികസന ക്ലബ്മുഖേന നടപ്പിലാക്കുന്നു. കൂടാതെ താലൂക്ക് തലങ്ങളിലും, ബ്ലോക്ക് തലങ്ങളിലും സംരംഭകരെ കണ്ടെത്താനായി സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചും കൂടാതെ ചെറുകിട ഇടത്തരം സംരംഭകർക്ക് മാർജിൻ മണിവായ്പ, മൂലധന സബ്സിഡി എന്നീ സഹായങ്ങൾ നൽകിവരുന്നു. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് ആവശ്യമായ എന്റർപ്രണേഴ്സ് മെമ്മോറാണ്ടം പാർട്ട് 1 ഫയൽ ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സൗകര്യമുണ്ട്. ബാങ്ക് വായ്പ ലഭ്യമാക്കുന്നതിലേക്കായി ടെക്നിക്കൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ജില്ലാ വ്യവസായ കേന്ദ്രം മുഖേന നൽകിവരുന്നു. വ്യവസായ സംരംഭം തുടങ്ങുന്നതുമായി ബന്ധപ്പെട്ട ക്ളിയറൻസുകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് സിംഗിൾ വിന്റോ ക്ലിയറൻസ് സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിലേക്കായി വിവിധ തലങ്ങളിൽ വ്യവസായ മേളകൾ നടപ്പിലാക്കി വരുന്നു. പുതിയ സംരംഭകർക്ക് എല്ലാ നിർദ്ദേശങ്ങളും സഹായങ്ങളും നൽകാനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും എന്റർപ്രണേഴ്സ് ഗൈഡൻസ് സെൽ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് ചർച്ച ചെയ്തു പരിഹരിക്കാനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നേരിട്ട് എല്ലാ ജില്ലകളിലും മുഖാമുഖം പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഇത്തരം സംരംഭങ്ങൾക്ക് ബാങ്ക് വായ്പയ്ക്ക് അനുപാതികമായി, മാർജിൻ മണി വായ്പയും, മൊത്തം മുതൽ മുടക്കിനുള്ള മൂലധന സബ്സിഡിയുമാണ് നൽകിവരുന്നത്.

പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തനമാരംഭിക്കുവാൻ നടപടി

147 (2177) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിക്കിടക്കുന്ന പുനലൂർ പേപ്പർമിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി പുതിയ മാനേജ്മെന്റിന് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത മിൽ എന്നുമുതൽ തുറന്നു പ്രവർത്തനമാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുനലൂർ പേപ്പർ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുമായി ഗവൺമെന്റ് അതിന് തയ്യാറായ കമ്പനിക്ക് വ്യവസ്ഥകൾക്ക് വിധേയമായി ചില ആനുകൂല്യങ്ങൾ നൽകാൻ ഉത്തരവായി. കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിനുവേണ്ടി മാനേജ്മെന്റും ഗവൺമെന്റും തമ്മിൽ ഒരു ധാരണാപത്രം ഒപ്പിടുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിനുവേണ്ടി കമ്പനി മാനേജ്മെന്റുമായി 2002-ൽ ഒരു കരാർ ഒപ്പുവച്ചിരുന്നു. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരവും പുതിയ മാനേജ്മെന്റുമായി നടത്തിയ ചർച്ചകളുടെ വെളിച്ചത്തിലും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചു.

- കമ്പനി വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ള 44.78 ലക്ഷം രൂപ 6% പലിശ സഹിതം പുതിയ പ്രൊമോട്ടർ നൽകണം. എന്നാൽ കെ.എസ്.ഇ.ബി. മിനിമം ഡിമാന്റ് ചാർജിനത്തിൽ നൽകാനുള്ള തുക ആവശ്യപ്പെടുന്നതല്ല. കമ്പനിയുടെ ആവശ്യത്തിലേക്കായി പുതിയ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly